# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1550** **05.02.2019 ൽ മറുപടിയ്ക്ക്**

**കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുള്ള ഇക്കോഷോപ്പുകൾ**

**ചോദ്യം** **മറുപടി**

**ശ്രീ.പി.കെ. ശശി** **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)**

എ) സംസ്ഥാനത്ത് കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുള്ള ഇക്കോഷോപ്പുകളുടെ ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

എ) സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ കീഴിൽ ആകെ 427 ഇക്കോഷോപ്പുകളാണ് നിലവിൽ പ്രവർത്തിച്ചു വരുന്നത്. ഇക്കോഷോപ്പുകളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ. നം. | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 35 |
| 2 | കൊല്ലം | 32 |
| 3 | പത്തനംതിട്ട | 22 |
| 4 | ആലപ്പുഴ | 32 |
| 5 | കോട്ടയം | 32 |
| 6 | ഇടുക്കി | 34 |
| 7 | എറണാകുളം | 31 |
| 8 | തൃശ്ശൂർ | 38 |
| 9 | പാലക്കാട് | 39 |
| 10 | മലപ്പുറം | 43 |
| 11 | കോഴിക്കോട് | 20 |
| 12 | വയനാട് | 11 |
| 13 | കണ്ണൂർ | 36 |
| 14 | കാസർഗോഡ് | 22 |
| | ആകെ | 427 |

ബി) എന്തെല്ലാം പ്രവൃത്തികളാണ് ഈ സംരംഭം വഴി നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ബി) ജൈവ ക്ലസ്റ്ററുകളിൽ ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങൾ അധിക വില നൽകി ഇക്കോഷോപ്പുകളിൽ സംഭരിച്ച് ഉപഭോക്താക്കൾക്കായി വിപണനം നടത്തുന്നു. കർഷകർക്കാവശ്യമായ ജൈവ വളങ്ങൾ,

ജൈവ കീടനാശിനികൾ, മറ്റ് ഉല്പാദന ഉപാധികൾ എന്നിവയുടെ വിപണനവും നടത്തുന്നു. വിവിധ കാർഷികോപകരണങ്ങൾ ന്യായമായ വിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കി വരുന്നു. അധികമായി ഉല്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങൾ കർഷകർക്ക് ന്യായമായ വില നൽകി കർഷകരിൽ നിന്ന് സംഭരിച്ച് മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി ഇക്കോഷോപ്പിലൂടെ വിതരണം ചെയ്യുന്നു. കൂടാതെ കർഷകർ ഉല്പാദിപ്പിക്കുന്ന ജൈവ ഉല്പന്നങ്ങൾക്ക് 20% അധിക വില നൽകി കർഷകരിൽ നിന്ന് സംഭരിക്കുകയും ഉപഭോക്താക്കളിലെത്തിക്കുകയും ചെയ്യുന്ന സംവിധാനവും നിലവിൽ ഉണ്ട്. കൂടാതെ GAP മാനദണ്ഡങ്ങൾ പിൻതുടരുന്ന GAP സെന്ററുകളിൽ നിന്നുള്ള സുരക്ഷിതമായ ഉൽപ്പന്നങ്ങൾ ഇക്കോഷോപ്പുകളിലൂടെ ശരിയായ പാക്കിംഗ്, ലേബലിംഗ് എന്നിവ നടത്തി വിൽക്കുന്നു.

Maya P

**സെക്ഷൻ ഓഫീസർ**